# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1073 12.06.2014 -ലെ മറുപടിയ്ക്ക്

## റൂസ പദ്ധതി ഫണ്ട് വിനിയോഗം

*ചോദ്യം*

ശ്രീ. വി.ശിവൻകുട്ടി
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. റ്റി.വി. രാജേഷ്
ശ്രീ. ആർ. രാജേഷ്

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ വികസനത്തിനായുള്ള കേന്ദ്രപദ്ധതിയായ റൂസയുടെ ഫണ്ട് സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | റൂസ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതിനുവേണ്ടിയുള്ള നിശ്ചിത വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് കേന്ദ്ര സർക്കാരിനു സമ്മതപത്രം നൽകിയിട്ടുണ്ട്. 'റൂസ' പദ്ധതിയ്ക്കുള്ള പണം നിക്ഷേപിക്കുന്നതിനായി കാനറാ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുറന്നിട്ടുണ്ട്. റൂസ പദ്ധതി ധനസഹായം ലഭിക്കുന്നതിനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രപ്പോസലുകൾ പരിശോധിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ രൂപീകരിക്കുന്ന 'ടെക്ക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിനെ ' സഹായിക്കുന്നതിനുവേണ്ടിയുള്ള വിദഗ്ദ്ധരുടെ പാനലിന് അംഗീകാരം നൽകിയുട്ടുണ്ട്. |
| (ബി) | റൂസ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് കേന്ദ്രം പ്രത്യേക സഹായം അനുവദിച്ചിരുന്നോ; എന്തു തുകയാണ് അനുവദിച്ചത് ; അനുവദിച്ച തുക പൂർണ്ണമായും ലഭ്യമായിട്ടുണ്ടോ; | (ബി) | കേന്ദ്ര സഹായമായി സംസ്ഥാന ഗവൺമെന്റിന് പ്രാരംഭ പ്രവർത്തനത്തിന് 2.60 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (സി) | റൂസ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ഫണ്ട് എത്രയായിരുന്നുവെന്നും ഇത് | (സി) | കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന ഹയർ എഡ്യൂക്കേഷൻ പ്ലാൻ അനുസരിച്ചാണ് തുക |

| | | | |
|---|---|---|---|
| | നേടിയെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | അനുവദിക്കുന്നത്. സംസ്ഥാനത്തിന്റെ ഹയർ എഡ്യൂക്കേഷന്റെ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കേന്ദ്രം അനുവദിക്കുന്ന റൂസ ഫണ്ടിന് ആനുപാതികമായി സംസ്ഥാന വിഹിതം നീക്കിവെക്കേണ്ടതുണ്ടോ; എങ്കിൽ കേന്ദ്ര സംസ്ഥാന ഫണ്ട് വിഹിതത്തിന്റെ അനുപാതം എത്രയാണ് ; സംസ്ഥാന സർക്കാർ വിഹിതം നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഉണ്ട്.<br>65% കേന്ദ്ര ഗവൺമെന്റും 35% സംസ്ഥാന സർക്കാരുമാണ് നൽകേണ്ടത്; പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം നൽകിയാൽ മതി. |

സെക്ഷൻ ഓഫീസർ